1

# സാഹിത്യം-സംസ്കാരം-ദർശനം

ഇവ തമ്മിലുള്ള ബന്ധം വ്യക്തമാക്കാൻ പററിയ കുറേ ചോദ്യങ്ങളും അതിന്ന് ശ്രീ.എൻ. വി. കൃഷ്ണ വാരിയർ നല്കിയ മറുപടിയും താഴെച്ചേർക്കുന്നു. മററുചില പണ്ഡിതന്മാർക്കും ഞങ്ങളീചോദ്യങ്ങളയച്ചിട്ടുണ്ട്. അവരുടെ പ്രതികരണം അടുത്ത കോലായയിൽ പ്രതീക്ഷിക്കാം. അതോടൊപ്പം ഈ ചോദ്യങ്ങൾക്കു വിശദമായ മറുപടി എഴുതാൻ വായനക്കാരെയും ക്ഷണിച്ചുകൊള്ളുന്നു. പ്രസിദ്ധീകരിക്കാൻ പററിയവ അടുത്തതിൽ ചേർക്കുന്നതാണ്.

## എൻ. വി. കൃഷ്ണവാരിയർ

1. സാഹിത്യത്തിന്ന് സാംസ്കാരികമായ കർത്തവ്യം വല്ലതുമുണ്ടോ?

സാഹിത്യത്തിന്ന് സാംസ്കാരികമായ കർത്തവ്യം മാത്രമേ ഉള്ളു.

2. ഉണ്ടെങ്കിൽ എന്ത്?

സാഹിത്യം സംസ്കാരത്തിൻെറ മൂർത്തമായ പ്രതിഫലനമാണ്. സംസ്കാരത്തെ പ്രതിഫലിപ്പിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ ഭാവിസംസ്കാരത്തിൻെറ വളർച്ചയ്ക്ക് സൗകര്യമുണ്ടാക്കുകയുമാണ് ഈ കർത്തവ്യം.

3. നമ്മുടെ ഇന്നത്തെ സാഹിത്യം അതു നിറവേററുന്നുണ്ടോ?

ഉണ്ട്. നമ്മുടെ ഇന്നത്തെ സാഹിത്യം നമ്മുടെ തുലോം ഉത്താനവും ദരിദ്രവുമായ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നു. നമ്മുടെ ധനതൃഷ്ണ, അധികാരമോഹം, ആഴത്തിൽ ചിന്തിക്കാനും കാതലിൽ പിടികൂടാനുമുള്ള കഴിവുകേട് മുതലായ ദൗർബല്യങ്ങളെ അതു് ശക്തിപൂർവ്വം ആവിഷ്കരിക്കുന്നു. ഈ അർത്ഥത്തിൽ, നിഷേധാത്മകമായി അതു് അതിൻെറ കർത്തവ്യം നിറവേററുന്നു.

4. സാഹിത്യകാരന്ന് ഒരു ദർശനം ആവശ്യമാണോ?

അതെ.

5. ആണെങ്കിൽ അതു് 'ഇന്ന' ദർശനമായിരിക്കണമെന്നുണ്ടോ?

'ഇന്ന' എന്നതിന്റെ അർത്ഥം മനസ്സിലായില്ല. ദർശനം എന്നതുകൊണ്ടുദ്ദേശിക്കുന്നതു്, ജീവിതത്തിലെ എല്ലാ ബന്ധങ്ങളേയും, എല്ലാ ഘടനകളേയും, എല്ലാ സംഭവങ്ങളേയും സമന്വയിപ്പിച്ചു് ഏകീകരിക്കാനുതകുന്ന ഒരു തത്വശാസ്ത്രപരമായ ചട്ടക്കൂടു് എന്നാണു്. ഈ തത്വശാസ്ത്രം ഈശ്വരനെ അംഗീകരിക്കുന്നുണ്ടോ, ആത്മനിത്യതയിൽ വിശ്വസിക്കുന്നുണ്ടോ, കർമ്മവാദത്തെ സ്വീകരിക്കുന്നുണ്ടോ എന്നെല്ലാമുള്ള ചിന്തയ്ക്കു് പ്രസക്തിയില്ല. മുഖ്യകാര്യം 'ദർശനം' ഉണ്ടോ എന്നതാണു്.

6. സാഹിത്യസൃഷ്ടിയുടെ കലാമൂല്യം നിർണയിക്കുമ്പോൾ ദർശനം പരിഗണിക്കേണമോ?

വേണം.

---


## DONATIONS TO KOLAYA

| | |
|---|---|
| Rs. 21/- | Sri. Unnikrishnan Chelembra |
| Rs. 10/- each: | Prof. Sukumar Azhikode, Prof. Devasia Thakadial, Messers M. Govindan, N. N. Kakkad, K. V. Thamby, Dhruvakumaran, Aravindan, Venu Maruthai, K. N. Padmanabhan Nair, Sreedharanunni, S. Renukadevi, C. Ravunnikutty |

ADVERTISEMENT RATE

# KOLAYA

| | | |
|---|---|---|
| **Cover (inside)** | .. | **Rs. 150** |
| **Full Page** | .. | **Rs. 100** |
| **Half Page** | .. | **Rs. 60** |